പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1993 | 19.06.2012 -ലെ മറുപടി

## ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച രണ്ട് രാജധാനി ബസ്സുകളുടെ ഉദ്ഘാടനം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതുതായി അനുവദിച്ച രണ്ട് രാജധാനി ബസ്സുകളുടെ റിംഗ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആറ്റിങ്ങൽ - കൊല്ലംപുഴ - കടയ്ക്കാവൂർ - അഞ്ചുതെങ്ങ് - വർക്കല - പാരിപ്പള്ളി - മടവൂർ - തലവിള - കല്ലമ്പലം വഴി ആറ്റിങ്ങലിലേക്കും അതേ റൂട്ടിൽ തിരികെയുമായി രണ്ട് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആറ്റിങ്ങലിൽ തുടങ്ങി ആറ്റിങ്ങലിൽ അവസാനിക്കുന്ന പ്രസ്തുത ബസ് സർവ്വീസുകളുടെ ഉദ്ഘാടന ചടങ്ങ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ. യെ അറിയിക്കാതിരുന്നത് അന്വേഷിക്കുമോ; | (ബി) | ആറ്റിങ്ങൽ ഡിപ്പോ സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ മണ്ഡലത്തിലെ ബഹു. എം.എൽ.എ ആയ ശ്രീ. ബി. സത്യനെ ഉത്ഘാടന വിവരവും സർവ്വീസ് ആരംഭിക്കുന്ന വിവരവും മുൻകൂട്ടി ആറ്റിങ്ങൽ യൂണിറ്റധികാരി അറിയിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത ബസ് സർവ്വീസുകളുടെ ഉദ്ഘാടന ചടങ്ങ് എവിടെവച്ചാണ് നടത്തിയത്; ആരാണ് ഉദ്ഘാടനം നടത്തിയത്; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ബസ് സർവ്വീസുകളുടെ ഉത്ഘാടനം വർക്കല വച്ചും മടവൂർ വച്ചും ശ്രീ. വർക്കല കഹാർ എം.എൽ.എ ആണ് നിർവ്വഹിച്ചത്. |
| (ഡി) | പ്രസ്തുത ഉദ്ഘാടന ചടങ്ങ് സ്ഥലം എം.എൽ.എ. യെ അറിയിക്കാതിരുന്നാൽ ആയത് ചട്ടവിരുദ്ധമാണോയെന്ന് പരിശോധിക്കുമോ; | (ഡി) | 'ബി' പിരിവ് മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഇ) | ഒരു ഡിപ്പോയ്ക്ക് അനുവദിക്കുന്ന ബസ്സുകളുടെ റൂട്ട് നിശ്ചയിക്കുന്നതിനുളള മാനദണ്ഡം എന്താണ്; | (ഇ) | പുതിയ ഒരു സർവ്വീസ് ആരംഭിക്കുന്നതിന് റൂട്ട് സാധ്യതാ പഠനത്തിന് വിധേയമാക്കുകയാണ് ആദ്യത്തെ നടപടിക്രമം. യാത്രക്കാർക്ക് പ്രയോജന പ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തുവാൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറക്ക് സർവ്വീസ് ആരംഭിക്കുന്നതാണ്. എന്നിരുന്നാലും ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും സർവ്വീസ് ആരംഭിക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി. മുൻഗണന നൽകുന്നത്. |
| (എഫ്) | ആരൊക്കെ ചേർന്നാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്; വിശദമാക്കാമോ? | (എഫ്) | യൂണിറ്റധികാരിയുടെയോ, മേഖലാ അധികാരിയുടെയോ ശുപാർശ യിന്മേൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ(ഓപ്പറേഷൻസ്) ആണ് തീരുമാനം എടുക്കുന്നത്. |

[signature]

സെക്ഷൻ ഓഫീസർ